# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2602 — 09.07.2015 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധന വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധനങ്ങളുടെ വില വിവരപ്പട്ടിക എപ്രകാരമായിരുന്നുവെന്ന് വിശദമാക്കാമോ ;<br>(ബി) 2015 മെയ് മാസത്തിൽ മാവേലി സ്റ്റോറുകളിലെയും സപ്ലൈകോ സ്റ്റോറുകളിലെയും സാധനങ്ങളുടെ വില വിവരപ്പട്ടിക എപ്രകാരമായിരുന്നുവെന്ന് വിശദമാക്കാമോ ; | (എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ പുനർനിർണ്ണയിച്ച് സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂട്ടതലായി ആവശ്യപ്പെടാത്തതുമായ ഇനങ്ങളായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നിരക്കിൽ നിന്നും ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂട്ടതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>സപ്ലൈകോ വില്പനശാലകൾ വഴി വിറ്റഴിച്ച സബ്സിഡി സാധനങ്ങളുടെ 2011 മെയ് മാസത്തെയും 2015 മെയ് മാസത്തെയും വിൽപ്പന വില അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇതിൽ ഏതെങ്കിലും സാധനത്തിന് നൂറ് ശതമാനം വിലവർദ്ധനവ് വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (സി) ഇല്ല. |

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം

| നമ്പർ | ഇനം | 2011 മെയ് മാസത്തെ സബ്സിഡി വില്പന വില. കിലോ ഗ്രാമിന് | 2015 മെയ് മാസത്തെ സബ്സിഡി വില്പന വില. കിലോ ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|
| 1 | ഉഴുന്ന് (ബോൾ) | 36.00 | 66.00 | 83.33% |
| 2 | ഉഴുന്ന് (പിളർന്നത്) | 31.00 | - | |
| 3 | വൻപയർ | 26.50 | 45.00 | 69.81% |
| 4 | തുവരപരിപ്പ് | 34.00 | 65.00 | 91.18% |
| 5 | പീസ്പരിപ്പ് | 18.00 | - | |
| 6 | മുളക് | 45.00 | 75.00 | 66.67% |
| 7 | മല്ലി | 66.00 | 94.00 | 42.42% |
| 8 | ജീരകം | 96.00 | - | |
| 9 | കടുക് | 22.00 | - | |
| 10 | ഉലുവ | 28.00 | - | |
| 11 | പഞ്ചസാര | 25.00 | 25.00 | 0.00% |
| 12 | മട്ട അരി | 16.00 | 25.00 | 56.25% |
| 13 | പച്ചരി | 16.00 | 23.00 | 43.75% |
| 14 | ബോധന അരി | 16.00 | - | |
| 15 | ചെറുപയർ | - | 74.00 | |
| 16 | വൻകടല | - | 43.00 | |
| 17 | ജയ അരി | - | 25.00 | |
| 18 | കുറുവ അരി | - | -25.00 | |
| 19 | വെളിച്ചെണ്ണ (ലിറ്ററിന്) | - | 130.00 | |

Beena

സെക്ഷൻ ഓഫീസർ